അന്തർസംസ്ഥാന സർവ്വീസ്

76 ശ്രീ. കെ. സി. ജോസഫ് :
,, ജോസ് കുറ്റ്യാനി :
,, കെ. കെ. തോമസ് :
,, ജി. കാർത്തികേയൻ :
,, മണിമംഗലത്തു കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര അന്തർസംസ്ഥാന ബസ് സർവ്വീസുകൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ അന്തർസംസ്ഥാന ബസ് സർവ്വീസുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത് ഏതെല്ലാം വ്യവസ്ഥകളിലാണ് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) അഞ്ചെണ്ണം.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായതിനുശേഷമേ സർവ്വീസുകളുടെ പൂർണ്ണവിവരം ലഭ്യമാകുകയുള്ളു.

(ഡി) ബന്ധപ്പെട്ട സംസ്ഥാന ഗവൺമെൻറുകൾ തമ്മിൽ എത്തി ചേരുന്ന കരാറുകളുടെ അടിസ്ഥാനത്തിലും (ബൈലാറ്ററൽ എഗ്രിമെന്റ്) അതിന്റെ അഭാവത്തിൽ ബന്ധപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികളുടെ സമ്മതപ്രകാരം ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെല്ലാം വാഹനനികുതിയടച്ചും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. യിലെ കമ്പ്യൂട്ടർവൽക്കരണം

78. ശ്രീ. സി. എഫ്. തോമസ് :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, ഇ ജെ. ലൂക്കോസ് :
,, വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ടിക്കറ്റ് കൊടുക്കുന്നതിന് ഇലക്ട്രോണിക്സ് ഉപകരണം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

(ഗതാഗത വകുപ്പുമന്ത്രി) (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly